**ചീഫ് എഞ്ചിനീയറുടെ കാര്യാലയം,**

**ജലസേചനവും ഭരണവും, തിരുവനന്തപുരം**

**ചീഫ് എഞ്ചിനീയറുടെ നടപടി ക്രമം**

(ഹാജർ- ശിവദാസൻ എം.)

വിഷയം : ജലസേചനം - ജീവനക്കാര്യം - മെക്കാനിക്കൽ - നിലവിലുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവരുടെ 31.12.2024 വരെയുള്ള മുൻഗണന പട്ടിക താൽക്കാലികമായി പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പരാമർശം: 15.12.2022 ലെ G.O.(P) No.29/2022/WRD സീനിയോരിറ്റി ലിസ്റ്റ്.

**ഉത്തരവ് നം. CEIA/1685/2022 തിയതി - 04-01-2025**

ജലസേചന വകുപ്പിലെ മെക്കാനിക്കൽ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ എന്നിവരുടെ 30.09.2022 വരെയുള്ള മുൻഗണന പട്ടിക മേൽ പരാമർശം പ്രകാരം അന്തിമമയി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മെക്കാനിക്കൽ വിഭാഗത്തിൽ ഇപ്പോൾ നിലവിലുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവരുടെ താൽക്കാലിക മുൻഗണന പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു. ടി പട്ടിക ഔദ്യോഗിക വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതിൽ നിന്ന് ഓഫീസ് മേലധികാരികൾ ഡൗൺലോഡ് ചെയ്ത് ഓഫീസിൽ സർക്കുലേറ്റ് ചെയ്യേണ്ടതാണ്.

പട്ടിക സംബന്ധിച്ച് ആക്ഷേപമുള്ളവരും പട്ടികയിൽ ഉൾപ്പെടാത്തവരും വ്യക്തമായ രേഖകൾ സഹിതം ഉചിതമാർഗേന അപ്പീൽ ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. അപ്പീൽ സമർപ്പിക്കേണ്ട സമയ പരിധി പട്ടിക വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 10 ദിവസം വരെയാണ്. സമയപരിധിക്കുള്ളിൽ ലഭിക്കുന്ന അപ്പീലുകൾ പരിഗണിച്ച് ഭേദഗതി വരുത്തിയ മുൻഗണന പട്ടിക അന്തിമമായി ഗസറ്റിൽ പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നതാണ്.

Signed by Sivadasan M
Date: 04-01-2025 18:15:17
ചീഫ് എഞ്ചിനീയർ

പകർപ്പ്:-

1. ചീഫ് എഞ്ചിനീയർ, മെക്കാനിക്കൽ, തിരുവനന്തപുരം (വെബ്ബ്സൈറ്റ് മുഖേന)
2. സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ (വെബ്ബ്സൈറ്റ് മുഖേന)
3. എക്സിക്യൂട്ടീവ് എഞ്ചിനീയർ (വെബ്ബ്സൈറ്റ് മുഖേന)
4. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (വെബ്ബ്സൈറ്റ് മുഖേന)
5. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഐ.ടി. സെൽ (പട്ടിക വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6. അധികം/ കരുതൽ